കേരള കാർഷിക സർവ്വകലാശാല
കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
സദാനന്ദപുരം പി ഒ, കൊട്ടാരക്കര,കൊല്ലം
ഫോൺ: 0474-2663535 ഇ-മെയിൽ :fsrskottarakkara@kau.in

## ക്വട്ടേഷൻ നോട്ടീസ്

നമ്പർ എഫ്.എസ്.(2) 114/2017

തീയതി : 08.02.2021

കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരത്തിലെ ഏരിയ II ൽ 30 മീ x 15 മീ x 4 മീ അളവിലുള്ള കുളം കുഴിക്കുകയും അതിനു നടുഭാഗത്തായി 4 മീ x 4 മീ x 2 മീ ആഴത്തിൽ ഒരു ചെറുകുളവും കുഴിക്കുന്നതിനായി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി താല്പര്യമുള്ളവരിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

- മേൽപ്പറഞ്ഞ ജോലിയ്ക്കുള്ള ക്വട്ടേഷൻ തുക വെള്ള പേപ്പറിൽ രേഖപ്പെടുത്തി കവറിൽ അടക്കം ചെയ്ത് ഓഫീസ് മേധാവിയുടെ പേരിൽ **17/02/2021 പകൽ 12.00 മണിക്ക്** മുൻപ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 2.00 മണിക്ക് തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും. കവറിനു മുകളിൽ **"കുളം കുഴിക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തിയിരിക്കണം.
- ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുൻപ് കുഴിക്കേണ്ട സ്ഥലം കണ്ട് ബോധ്യപ്പെടേണ്ടതാണ്.
- കുളം കുഴിക്കുന്നതിലൂടെ ലഭിക്കുന്ന മണ്ണ് നിർദ്ദേശാനുസരണം ഈ കേന്ദ്രത്തിന്റെ ഏരിയ I ലും II ലും ഉള്ള നിശ്ചിത സ്ഥലങ്ങളിൽ എത്തിച്ച് നൽകേണ്ടതാണ്.
- പ്രത്യേക കാരണങ്ങൾ കൂടാതെ ക്വട്ടേഷനുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ ഉള്ള പൂർണ്ണ അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമാണ്.
- ടി പ്രവൃത്തി നടത്തുമ്പോഴുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് യൂണിവേഴ്സിറ്റിയ്ക്ക് യാതൊരുവിധ ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല.
- സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
- ഓഫീസ് പ്രവൃത്തിദിവസങ്ങളിലും സമയത്തും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ നിർദ്ദേശത്തിലും മേൽനോട്ടത്തിലും പ്രവൃത്തികൾ ചെയ്യേണ്ടതാണ്

ഒപ്പ്
പ്രൊഫസ്സർ ആന്റ് ഹെഡ്

പകർപ്പ് നോട്ടീസ് ബോർഡ് (2)/ ശ്രീ. ഷിനോജ്.പി, ഫാം മാനേജർ/വെട്ടിക്കവല ഗ്രാമപഞ്ചായത്ത് / വെട്ടിക്കവല വില്ലേജ് /കൊട്ടാരക്കര മുനിസിപ്പാലിറ്റി / ഫയൽ.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്